# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2436 — 06.12.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സംസ്ഥാന സമ്പദ്ഘടനയുടെ പുനരുജ്ജീവനം

| | | |
|---|---|---|
| (എ) | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തെ ധനകാര്യ വ്യവസ്ഥയെ തകിടം മറിച്ചുവോ; വിശദമാക്കുമോ; | 2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തെ എപ്രകാരം ബാധിച്ചു എന്ന് വിശകലനം ചെയ്യാൻ പര്യാപ്തമായ ആധികാരിക കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല. |
| (ബി) | പ്രളയം മൂലം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assessment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,996/- കോടി രൂപയും, റാപ്പിഡ് ഡാമേജ് അസസ്സ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ് (Rapid Damage Assessment and Needs Analysis – RDANA) റിപ്പോർട്ട് അനുസരിച്ച് 25,050/- കോടി രൂപയുമാണ്. |
| (സി) | വ്യാപാര സ്തംഭനം, സ്റ്റോക്ക് നാശം, കെട്ടിടങ്ങൾക്കും യന്ത്ര സ്ഥാപനങ്ങൾക്കുമുണ്ടായ കേടുപാടുകൾ, തൊഴിൽ നഷ്ടം, അവസര നഷ്ടത്തിന്റെ മൂല്യം എന്നിവയെല്ലാം കണക്കിലെടുത്ത് വ്യവസായ വാണിജ്യ മേഖലകളിൽ ഉണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | വ്യവസായ വകുപ്പിന്റെ കണക്കുകൾ പ്രകാരം 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 3590 ൽപ്പരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് 632/- കോടി രൂപയുടെയും, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലായി 12 വൻകിട വ്യവസായ യൂണിറ്റുകൾക്ക് 289.40 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾക്ക് 16 കോടി രൂപയുടെ വസ്തു നഷ്ടവും, 4.50 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടായിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ആകെ 47.61 കോടി രൂപയുടെയും, കൈത്തറി മേഖലയിൽ 8 ജില്ലകളിലായി 6.50 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പ്രളയ നഷ്ടം മറികടക്കുന്നതിനും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനത്തിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20% പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽ നിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിനും, ധനദൃഢീകരണം സാധ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ